**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 578** **28-06-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മണ്ഡലത്തിൽ വ്യവസായ ഗ്രാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ മണ്ഡലത്തിലെ തോട്ടട ഐ.റ്റി.ഐ, ഗവ. പോളിടെക്നിക്ക് എന്നിവ ഉൾപ്പെടുന്ന പ്രദേശത്ത് വ്യവസായ ഗ്രാമം തുടങ്ങുന്നത് ശ്രദ്ധയിൽ ഉണ്ടോ; | (എ) | കണ്ണൂർ മണ്ഡലത്തിലെ തോട്ടടയിൽ വ്യവസായ പാർക്കിന് ആവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ കണ്ണൂർ ഗവണ്മെന്റ് പോളിടെക്ക്നിക്ക് ക്യാമ്പസിൽ സ്കിൽസ് ഡെവലപ്മെന്റ് സെന്റർ കം കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുവാൻ ബഹു. എം.എൽ.എ യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിക്കുകയും ആയതിനുവേണ്ടിയുള്ള പ്രൊപോസൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പോളിടെക്ക്നിക്ക് ക്യാമ്പസ്സിൽ മേൽ ആവശ്യത്തിനുള്ള സ്ഥലത്തിന്റെ ലഭ്യത സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ വ്യവസായ വാണിജ്യ ഡയറക്ടർ പോളിടെക്ക്നിക്കിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | വ്യവസായ ഗ്രാമം തുടങ്ങിയാൽ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് ജോലി തേടി അന്യദേശത്ത് പോകുന്നത് ഒഴിവാക്കുന്നതിനും മനുഷ്യശേഷി ഇവിടെ ഉപയോഗപ്പെടുത്തുവാനും സാധിക്കുമെന്നതിനാൽ ഇതിന് സർക്കാർ മുൻകൈ എടുക്കുമോ? | (ബി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ